ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള)

(എ) സർക്കാർ ഇത്തരം ഒരു സമിതി രൂപീകരിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ഫിലിം സൊസൈറ്റികൾ

7 (*364) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര അക്കാദമിയുടെ സഹായത്താൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി കഴിഞ്ഞ ഒരുവർഷമായി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫിലിം സൊസൈറ്റിയുടെ പ്രവർത്തനമേഖല ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫിലിം സൊസൈറ്റികളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ഇ) സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണ്ണയത്തിൽ ഫിലിം സൊസൈറ്റികൾക്ക് എന്തെങ്കിലും ചുമതല നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്തൊക്കെ ചുമതലകളാണ് ഏൽപ്പിക്കാൻ ഉദ്ദേശരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസിന് അനുവദിച്ച് നൽകാനുണ്ടായിരുന്ന 1997-98 ലെ ഗ്രാന്റ് അനുവദിച്ചു. സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കാനായി രൂപംകൊടുത്ത സബ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താമസിയാതെ തന്നെ ഫിലിം സൊസൈറ്റി ഫെഡറേഷന് 1998-99 ലേക്കുള്ള ധനസഹായം നൽകും. സൊസൈറ്റികൾക്ക് പ്രശസ്തങ്ങളായ ചിത്രങ്ങളുടെ പ്രിന്റുകളും വീഡിയോ കാസറ്റുകളും അക്കാദമി വഴി പ്രദർശനത്തിനായി നൽകി തുടങ്ങിയിട്ടുണ്ട്. കൂടുതൽ ഫിലിം സൊസൈറ്റികൾ ഉണ്ടാകുന്നതിനുവേണ്ടി അക്കാദമി ഭാരവാഹികൾ ഗ്രാമപഞ്ചായത്തുകളുമായും നഗരസഭകളുമായും ബന്ധപ്പെട്ടു. ഇതിന്റെ ഫലമായി ഏറെ സ്ഥലങ്ങളിൽ ഫിലിം സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഫിലിം സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ താഴേത്തലങ്ങളിൽ മികച്ച ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് "ജനമിത്ര" ഫിലിം പ്രദർശന പരിപാടി 1999 മെയ് 5-ാം തീയതി കനകക്കുന്നിൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാംസ്ക്കാരികമായും കലാപരമായും ഉയർന്ന നിലവാരത്തിലുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും നല്ല ചിത്രങ്ങളെക്കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ച് മെച്ചപ്പെട്ട ചലച്ചിത്ര അവബോധം സൃഷ്ടിക്കുകയുമാണ് ഫിലിം സൊസൈറ്റികളുടെ പ്രവർത്തന മേഖല.

(ഡി) മെച്ചപ്പെട്ട നിലവാരമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും അവയെക്കുറിച്ചുള്ള ബോധം അംഗങ്ങളിലും സമൂഹത്തിലും വളർത്തുകയും ചെയ്യുക എന്നതാണ് ഫിലിം സൊസൈറ്റികൾ സ്വീകരിച്ചിട്ടുള്ള ലക്ഷ്യം.

(ഇ) സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണ്ണയത്തിൽ ഫിലിം സൊസൈറ്റികൾക്ക് നേരിട്ട് എന്തെങ്കിലും ചുമതല നൽകാൻ ഉദ്ദേശിച്ചിട്ടില്ല.

ലേബർ സ്കാഡുകൾ

8 (*365) ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നിയമങ്ങളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുവാൻ ലേബർ സ്കാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ പ്രവർത്തനംമൂലം ഈ രംഗത്തുണ്ടായ പ്രയോജനങ്ങൾ എന്തൊക്കെയാണ് ;

(സി) തൊഴിലാളികൾക്ക് മിനിമംവേതനം ഉറപ്പാക്കുന്നതിന് സ്കാഡുകൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ഡി) അന്യസംസ്ഥാനങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനെപ്പറ്റി പഠിക്കാൻ രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സ്കാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള)

(എ) തൊഴിൽ നിയമങ്ങളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുവാൻ ലേബർ സ്കാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറും (എൻഫോഴ്സ്മെന്റ്) അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ചേർന്ന് സ്കാഡ് രൂപീകരിച്ച് ആഴ്ചയിൽ രണ്ടുദിവസം 5-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ നിയമങ്ങളനുസരിച്ച് പരിശോധന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly